LIBRARY ARCHIVES Kerala Legislative Assembly

**സഹകരണ മേഖലയിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കാൻ നടപടി**

94 (2082) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓരോ നിയോജക മണ്ഡലത്തിലും സഹകരണ മേഖലയിൽ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ ;

(ബി) ഇപ്രകാരം ഏതെല്ലാം നിയോജക മണ്ഡലങ്ങളിൽ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കോ-ഓപ്പറേറ്റീവ് അക്കാദമി ഫോർ പ്രൊഫഷണൽ എഡ്യൂക്കേഷൻ (CAPE) അതാത് പ്രദേശങ്ങളുടെ സ്ഥിതിക്കനുസൃതമായി സഹകരണ മേഖലയിൽ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) പുതിയതായി തിരുവനന്തപുരം ജില്ലയിലെ തിരുവനന്തപുരം നിയോജക മണ്ഡലത്തിലും, തൃശൂർ ജില്ലയിലെ വടക്കാഞ്ചേരി നിയോജക മണ്ഡലത്തിലും കേപ്പിന്റെ നേതൃത്വത്തിൽ ഓരോ എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പത്തനംതിട്ട ജില്ലയിലെ ആറൻമുള നിയോജക മണ്ഡലത്തിൽ ആറന്മുള എഞ്ചിനീയറിംഗ് കോളേജ് 2014-15-ൽ പ്രവർത്തനം ആരംഭിക്കും. മണലൂർ നിയോജക മണ്ഡലത്തിൽ കൺസ്യൂമർ ഫെഡിന്റെ കീഴിൽ ഫാർമസി കോഴ്സുകളും ആരംഭിച്ചിട്ടുണ്ട്. കേപ്പിന് കീഴിലുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**സഹകരണ മേഖലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ**

95 (2083) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ മേഖലയിൽ പുതുതായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് നിലവിലെ മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ;

(ബി) സ്വകാര്യ-സ്വാശ്രയ മേഖലയിൽ നടത്തുന്ന സ്ഥാപനങ്ങളെ അപേക്ഷിച്ച് ഗുണമേൻമയും കാര്യക്ഷമതയും നിലനിർത്താൻ സഹകരണ സംഘങ്ങൾക്ക് കഴിയുമെന്നത് വിലയിരുത്തിയിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.